# കേരളം വളരുന്നു

കണ്ണുനീർ തൂകും വർഷ–
മേഘങ്ങളാകാശത്തു
മണ്ണിനു കിനാവുകൾ
നെയ്തു പോകുമീനേരം

ഇരുൾ മൂടീടും നീല–
വാനിൻെറ വക്കിൽ, കത്തും
പൊൽത്തിരിനാളം പോലെ
താരകേ, നിന്നെക്കാൺകെ

വിരിയും പ്രതീക്ഷകൾ
പോലെയെൻ വീട്ടിൻ മുറ്റ–
ത്തെരിയും നിലവിള–
ക്കിൻെറ നാളവും നോക്കി

വിരഹം ഛേദിക്കാത്ത
രാഗബന്ധത്തിൻ കുഞ്ഞി–
ച്ചിറകിട്ടടിച്ചു ഞാ–
നെത്തുന്നു നിമിഷത്തിൽ.

ആവണി നിലാവുകൾ,
മാദക മധുമാസ
രാവുകൾ, തിരുവോണ–
നാളുകൾ വന്നൂ വീണ്ടും.

ചന്ദനച്ചാറാൽ പൂർണ്ണ
ചന്ദ്രിക നിഴൽച്ചിത്ര
ഭംഗികളെഴുതുന്ന
പൂവണി മരച്ചോട്ടിൽ



"കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ"

ചുണ്ടത്തു ശോകാർദ്രമാം
        ഗാനവും, കരളിന്റെ
തുമ്പത്തു മുറിപ്പെട്ട
        പൊൻകിനാക്കളുമായി

കാത്തു നീയിരിക്കുന്നു
        തപ്തമാം നിശ്വാസത്താൽ
ദീപ്തമായെരിഞ്ഞീടും
        സ്നേഹ ദീപവുമായി.

കണ്ണുനീരിനാലീറ–
        നായ നിന്നോർമ്മയ്ക്കുള്ളിൽ
മങ്ങിയ ചിത്രങ്ങൾ തൻ
        ചുരുൾ ഞാൻ നിവർത്തുന്നു.

നീ മറന്നുവോ സഖി!
        മുഗ്ദ്ധലജ്ജയായെന്റെ
ചാരെ നീ കതിർ മണ്ഡ–
        പത്തിലേയ്ക്കെത്തും രംഗം?

മാമരച്ചില്ലയ്ക്കു മേൽ
        പൂകുയിൽ പാടും മധു–
മാസ കാകളി കേട്ടു
        പൂവനമുണർന്നപ്പോൾ

ജീവിതത്തിലേയ്ക്കൊരു
        ഗാനധാര പോൽ മന്ദം
താരിതളടി വച്ചു
        നീ നടന്നടുത്തപ്പോൾ

എൻ കരളഭൗമമാം
        തേജസ്സേ! നിൻ കൈവിരൽ
ത്തുമ്പിനാൽ, കൊളുത്തിയ
        കൈത്തിരി വെട്ടം കണ്ടു.

പൊട്ടിയും ചിതറിയു-
        മീവഴിവക്കിൽ കാല-
ഘട്ടങ്ങൾ തോറും കുന്നു
        കൂടിയ കിനാക്കളേ!

നിങ്ങളെ മെതിച്ചു കൊ-
        ണ്ടുദ്ധത ശിരസ്സുമായ്
ഞങ്ങളീ മധുരമാം
        ജീവിതം പകുത്തല്ലോ.

ആവണി നിലാവുകൾ,
        മാദകമധുമാസ-
രാവുകൾ, തിരുവോണ
        നാളുകൾ വന്നൂ വീണ്ടും.

ജീവിതം വഴിമുട്ടി
        നില്ക്കവേ, യിരുൾ മൂടും
വാനവും നോക്കി, ദ്ദൂര-
        ദേശത്തിങ്ങിരിപ്പൂ ഞാൻ.

നീയെനിക്കെഴുതുന്നു
        മകനെപ്പറ്റി, പ്പാഠം
നീട്ടിവായിക്കും നാലാം
        ക്ലാസുകാരനെപ്പറ്റി.

"കേരളം വളരുന്നൂ" ...
        നീട്ടി വായിപ്പൂ മകൻ
"കേറിയും കടന്നും ചെ-
        ന്നന്യമാം രാജ്യങ്ങളിൽ."

കേരളം വളരുവാ-
        നീമറുനാടൻ മണ്ണിൽ
തൂവിയ വിയർപ്പിൻെറ
        കണ്ണുനീർപ്പുഴയുടെ

നനവാർന്നൊരീപ്പൂഴി–
        മണ്ണിൽ വീണുറങ്ങുന്ന
മനുജസ്നേഹത്തിൻെറ
        വില കണ്ടുവോ കവി?
★

ആവണി നിലാവുകൾ,
        മാദക മധുമാസ
രാവുകൾ, തിരുവോണ
        നാളുകൾ വന്നൂ വീണ്ടും. ■